**1100**

ഇരവിന്നിരുൾ നിര തീരാറായ് പകലിൻ കതിരൊളി കാണാറായ്
പുതിയൊരു യുഗത്തിൻ പുലരിവരും
നീതിയിൻ കതിരോനൊളി വിതറും
അധിപതി യേശു വന്നിടും അതുമതിയാധികൾ തീർന്നിടും

1 ഉണരിൻ ഉണരിൻ സോദരരേ! ഉറങ്ങാനുള്ളോരു നേരമിതോ?
ഉയിർതന്നോനായ് ജീവിപ്പാൻ ഉണ്ടോ വേറൊരു നേരമിനി?

2 തരിശു നിലത്തെയുഴാനായി തിരുവചനത്തെ വിതയ്ക്കാനായ്
ദരിശനമുള്ളവരെഴുന്നേൽപ്പിൻ കുരിശിൻ നിന്ദ വഹിക്കാനായ്

3 ഇന്നു കരഞ്ഞു വിതയ്ക്കുന്നു പിന്നവരാർപ്പോടു കൊയ്യുന്നു
ഇന്നു വിതയ്ക്കാ മടിയന്മാരന്നു കരഞ്ഞാൽ ഗതിയെന്ത്?

4 കത്തിത്തീർന്നൊരു കൈത്തിരിപോൽ
പൂത്തുപൊഴിഞ്ഞൊരു പൂവെപ്പോൽ-
എത്തിത്തിരികെ വരാതെ പോം കർത്തവ്യത്തിൻ നാഴികകൾ-

5 സ്നേഹം നമ്മുടെയടയാളം ത്യാഗം നമ്മുടെ കൈമുതലാം
ഐക്യം നമ്മുടെ നല്ല ബലം വിജയം നമ്മുടെയന്ത്യഫലം-

6 തീയിൽ നമ്മുടെ വേലകളെ ശോധനചെയ്യും വേള വരും
മരം പുല്ലു വയ്ക്കോൽ ഇവ വെന്തുപോയാൽ ബാക്കിവരും എന്ത്?

7 ഇന്നിഹ നിന്ദിതർ ഭക്തഗണം അന്നു നടത്തും ഭൂഭരണം
കേഴും ഖിന്നത തീർന്നവരായ് വാഴും നമ്മൾ മന്നവരായ്-
**M.E.C.**